# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7238 — 11.07.2014-ൽ മറുപടിയ്ക്ക്

## സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പാലോട് രവി**<br>**,, വി.ഡി.സതീശൻ**<br>**,, അൻവർ സാദത്ത്**<br>**,, ഐ.സി.ബാലകൃഷ്ണൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1100 കി.മീ റോഡുകൾ ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് വികസിപ്പിക്കുക എന്നതാണ് സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ പ്രധാന ലക്ഷ്യം. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (ബി) റോഡിന്റെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കമോ ;<br>(സി) എത്ര കിലോമീറ്റർ റോഡാണ് പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | **(ബി)&(സി) :**<br>റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളായിട്ടാണ് റോഡുകൾ ആധുനിക നിലവാരത്തിൽ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത ഏകദേശം 469 കി.മീ റോഡുകളും, അപ്ഗ്രഡേഷൻ പാക്കേജിൽ വളവുകൾ നിവർത്തുന്നതിനും ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിനുമായി |

അത്യാവശ്യം സ്ഥലമേറ്റെടുക്കൽ വേണ്ടിവരുന്ന 644 കി.മീ റോഡുകളുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) പ്രോജക്ടിന്റെ നടത്തിപ്പിന് ഏതുതരം പങ്കാളിത്തമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഇ) ഏത് മാതൃകയിലാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

**(ഡി)&(ഇ):**

റീഹാബിലിറ്റേഷൻ പാക്കേജ് പി.പി.പി/ ആന്യുറ്റി രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അപ്ഗ്രഡേഷൻ പാക്കേജിന്റെ ഡി.പി.ആർ തയ്യാറാക്കൽ നടന്നുവരുന്നു.

**സെക്ഷൻ ഓഫീസർ**